കേരള സർക്കാർ

നമ്പർ. 611417/ആർ.ഡി.3/16/ത.സ്വ.ഭ.വ.
തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി:12/8/16

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - മാതാപിതാക്കൾ പരസ്പരം അകന്നുകഴിയുന്ന കേസുകളിൽ കുട്ടികളുടെ ജനനസർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 07-05-16-ലെ സി.ആർ.എം.പി. നമ്പർ: 3184/01/LA1/2016/KeSCPCR നമ്പർ ഉത്തരവ്.

മാതാപിതാക്കൾ പരസ്പരം അകന്നുകഴിയുന്ന കേസുകളിൽ കുട്ടികളുടെ ജനനസർട്ടിഫിക്കറ്റ്, മാതാപിതാക്കളിൽ ഏത് രക്ഷിതാവിനോടൊപ്പമാണോ കുട്ടി കഴിയുന്നത് ആ വ്യക്തിയുടെ അപേക്ഷയുടേയും തിരിച്ചറിയൽ രേഖകളുടേയും അടിസ്ഥാനത്തിൽ അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സൂചന പ്രകാരം കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

മാതാപിതാക്കൾ പരസ്പരം അകന്ന് കഴിയുന്ന കേസുകളിൽ മാതാപിതാക്കളിൽ ആരുടെ സംരക്ഷണയിലാണോ കുട്ടി കഴിയുന്നത് ആ വ്യക്തിയുടെ അപേക്ഷയുടേയും തിരിച്ചറിയൽ രേഖകളുടേയും അടിസ്ഥാനത്തിൽ ജനന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മറ്റ് വ്യവസ്ഥകളെല്ലാം പാലിച്ചുകൊണ്ട് കുട്ടിയുടെ ജനനസർട്ടിഫിക്കറ്റ് നൽ കേണ്ടതാണ്.

ടി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

തുടരും

1. രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ നഗരസഭകളിലേയും ഗ്രാമപഞ്ചായത്തുകളിലേയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന).
5. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
6. എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
7. എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും,
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ്ഭവൻ, തിരുവനന്തപുരം.
9. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്).